

# ഈയാംപാറ്റകൾ

'അതിഥികൾ ആത്മാക്കളാകുമ്പോൾ'

LIBRARY

IInd Place

ALCHEMIST_ HANDWRITTEN MAGAZINE COMPETITION

MAGAZINE COMMITTEE 2018   SU 2017-'18

# എഡിറ്റോറിയൽ

ആർത്ത് പെയ്ത രാത്രിമഴയ്ക്കു ശേഷം, മണ്ണിൽ നിന്നുയർന് മഞ്ഞ വെളിച്ചത്തെ പൊതിഞ്ഞു നിന്ന്, അടുത്ത മഴയ്ക്ക് മുന്നേ ജീവൻ വെടിയുന്ന ഈയാംപാറ്റകൾ...

ഒരായുഷ്കാലം മുഴുവൻ ജീവിതം ബാക്കിയുണ്ടെന്ന് അഹങ്കരിയ്ക്കുന്ന നമ്മെ ഒറ്റ രാത്രിയുടെ ആയുസ്സ് മാത്രമുള്ള ഈയാംപാറ്റ പഠിപ്പിക്കുന്നത് കാമ്പുള്ള ചില പാഠങ്ങളാണ്, പരിശ്രമത്തിന്റെ, അതിജീവനത്തിന്റെ, ശുഭാപ്തിവിശ്വാസത്തിന്റെ...

ചിറകറ്റ് വീഴുമ്പോഴും ഈയാംപാറ്റകൾ തളരാറില്ല, പ്രാണന്റെ പുതിയ നാളങ്ങൾ തേടി അവ പറന്നുയരാൻ ശ്രമിച്ചു കൊണ്ടേയിരിയ്ക്കും.

ഇത് നൈമിഷികമായ ആ ജീവിതത്തിലൂടെ ഉള്ള യാത്രയാണ്. എത്ര ശ്രമിച്ചാലും ക്യാമ്പസിലെ നൊസ്റ്റാൾജിയയും പൈങ്കിളികളും കടന്നുവരും. പക്ഷേ അവ മാത്രം പറഞ്ഞൊതുക്കാൻ ഞങ്ങൾ ഉദ്ദേശിച്ചിട്ടില്ല...!

# EDITORIAL BOARD

EDITOR : HAMNA NAZAR

SUB EDITORS : RANJISHA K.


AKHINA P.


JINO JOY

JYOTHISH CHANDRAN

# സമർപ്പണം...!


"ഇത് ഞങ്ങളുടെ ചിന്തകളും
വാക്കുകളും പൂക്കുന്നിടം...."





"നിന്റെ കണ്ണിനും മനസ്സുണ്ടെങ്കിൽ
മനസ്സിനും
എന്തു കുളിർമയെന്നോ
യെന്റെ പട്ടട കാണാൻ ."

– എ അയ്യപ്പൻ


“അടുത്ത പേജോടു കൂടി
ഞങ്ങളുടെ ചിന്തകളിൽ
നിന്നും പിറന്നു വീണ ചെറിയ ”
വലിയ തെറ്റുകൾ തുടങ്ങുകയാണ്....!



Smoking is a habit
that drains your money
and kills you slowly,
one puff after another....

QUIT SMOKING, START LIVING.

ANUJ SONAL P

# നിണമണിഞ്ഞ കാൽപ്പാടുകൾ

ഭാരതത്തിലെ പ്രഥമവും പ്രധാനപ്പെട്ടതുമായ ഒരു മേഖലയായാണ് 'കൃഷി'യെ നാം കാണുന്നത്. ഇന്നും നമ്മുടെ ജനതയിൽ 70 ശതമാനത്തോളം ആളുകൾ കൃഷിയോ അതിനോടനുബന്ധിച്ച മറ്റു തൊഴിലുകളിലോ ഏർപ്പെടുന്നവരാണ്. അതിനാൽ തന്നെ ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥിതിയിൽ കാർഷിക മേഖലയ്ക്കുള്ള പങ്ക് വളരെ വലുതാണ്. മാറി വരുന്ന ഓരോ ഗവൺമെന്റുകളും ഭാരതത്തിന്റെ വളർച്ചയ്ക്കായി കാർഷികരംഗത്തെ ശക്തിപ്പെടുത്താൻ പദ്ധതികൾ രൂപീകരിക്കുന്നുണ്ടെങ്കിലും, ഫലപ്രദമായ വളർച്ചാനിരക്കിലേയ്ക്ക് കാർഷികരംഗവും കർഷകരും ഇനിയും ഉയർന്നു വരേണ്ടിയിരിക്കുന്നു. ആദ്യത്തെ പഞ്ചവത്സരപദ്ധതിയിൽ ഏറ്റവും കൂടുതൽ ഊന്നൽ നൽകിയിരുന്നത് കൃഷിയ്ക്കായിരുന്നെങ്കിൽ ഇന്ന് ഈ കാർഷികരംഗം എവിടെയെത്തി നിൽക്കുന്നു?

ഹരിതവിപ്ലവത്തിന്റെ അനന്തരഫലമായി ഭാരതം ഭക്ഷ്യോൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിച്ചുകഴിഞ്ഞു. കൃഷിയിൽ ഉണ്ടായ നൂതന സാങ്കേതിക വിദ്യകളുടെ കടന്നുകയറ്റം ഏറ്റവും വലിയ നേട്ടമായി എടുത്തുപറയേണ്ടതാണ്. ഇത്തരം സാഹചര്യങ്ങൾ കൊണ്ട് മാത്രം പറയാൻ കഴിയുമോ ഭാരതത്തിലെ കാർഷിക മേഖലയും കർഷകരും സുരക്ഷിതമാണെന്ന്?

ഇന്ത്യയിലെ കാർഷിക മേഖല തീർത്തും അസംഘടിതമാണ്. ഗ്രാമീണ മേഖലകളിലെ കർഷകർ ഇന്നും വ്യവസ്ഥാപിതമായ ഒരു രീതിയല്ല കൃഷിയ്ക്കായി അവലംബിക്കുന്നത്. കഷ്ടപ്പെട്ട് വിളയിച്ചെടുക്കുന്ന വിളകൾക്ക് കുറഞ്ഞ താങ്ങുവില പോലും അവർക്ക് പലപ്പോഴും ലഭിക്കാറില്ല. ഇതിനെല്ലാം പുറമേ കൃഷിയിലേക്കായി ചിലവിടേണ്ടി വരുന്ന മുതൽമുടക്കിലുണ്ടായ വൻ ഉയർച്ച കർഷകരുടെ ദുരിതത്തിന്റെ ആഴം കൂട്ടിയിട്ടുണ്ട്

വർഷം മുഴുവൻ കൃഷിയിറക്കാൻ കഴിയാത്ത അവസ്ഥയാണ് ഇന്ന് കർഷകർക്ക്. വർഷത്തിൽ ഒന്നോ രണ്ടോ വിളകൾ മാത്രമേ പല കർഷകർക്കും ഉത്പാദിപ്പിക്കാൻ കഴിയുന്നുള്ളൂ, ബാക്കിയുള്ള സമയം ജീവിതത്തിന്റെ അറ്റങ്ങൾ ഒരുമിപ്പിക്കാൻ കഴിയാതെ അവർ ഉഴലുന്നു. 1997 കാലഘട്ടത്തിലാണ് ആദ്യമായി കർഷകാത്മഹത്യ രേഖപ്പെടുത്തിയത്, അതിനുശേഷം വന്ന വർഷങ്ങളിൽ ഗണ്യമായ ഉയർച്ചയാണ് രേഖപ്പെടുത്തിയത്. കൃഷിയ്ക്കായുള്ള മുതൽമുടക്ക് സ്വയം കണ്ടെത്താൻ ഭൂരിഭാഗം കർഷകരും ആശ്രയിക്കുന്നത് വായ്പാ സംവിധാനത്തെയാണ്. പക്ഷേ കാലാവസ്ഥ വ്യതിയാനം കൊണ്ടോ മറ്റോ വിളകൾക്ക് ലാഭം കൊയ്യാൻ കഴിയാതെ വന്നാൽ കർഷകർ കടക്കെണിയിൽ അകപ്പെട്ടുപോവുന്നു.

കാർഷിക കടങ്ങൾ എഴുതിത്തള്ളണമെന്നും, വിളകൾക്ക് താങ്ങുവില ഉയർത്തണമെന്നും ആവശ്യപ്പെട്ട്

ഒരു കൂട്ടം കർഷകർ മുംബൈയിലേയ്ക്ക് കാൽനടയായി മാർച്ച് ചെയ്തപ്പോൾ നാം സാക്ഷിയായത് , നമ്മുടെ രാജ്യത്തെ ഒരു വിഭാഗം ജനങ്ങളുടെ മുറവിളിയ്ക്കായിരുന്നു . ഉത്തരാത്തിൽ കർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് ഒരേയൊരു ഏകീകരിച്ച പ്രതിവിധി കാണുക എളുപ്പമല്ല .

* കർഷകർക്ക് കൃഷിയ്ക്കു പുറമേ , ചെറുകിട തൊഴിലുകളിൽ സൗജന്യ പരിശീലനം നൽകാൻ കഴിഞ്ഞാൽ , അവരുടെ വരുമാനത്തിൽ ഉയർച്ചയുണ്ടാകും .
* ഓരോ കർഷകനിലേയ്ക്കും കൃഷിയുടെ ഏറ്റവും പുതിയ സാങ്കേതിക വിദ്യകളെ എത്തിപ്പിക്കുകയും , അവ ഉപയോഗിക്കാൻ അവരെ പര്യാപ്തരാക്കുകയും ചെയ്താൽ ഒരു പരിധി വരെ കൃഷി ലാഭകരമാക്കാം.
* കർഷകർക്ക് ഏറ്റവും കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാകുന്നതിലൂടെ നിലവിലുള്ള കർഷകരെയെങ്കിലും കാർഷിക മേഖലയിൽ പിടിച്ചു നിർത്താൻ കഴിയും .

— ഹിന നാസർ

# ചോലമലയുടെ താഴ്‌വാരത്ത്

ലോകത്തിന്റെ ഉയരത്ത്, ഞാനെന്റെ പശുക്കളെ മേയ്ക്കുന്നു
നീലാകാശവും ചോലമല താഴ്‌വാരങ്ങളും അവിടെ അതിരിടുന്നു
ഞാനിവിടെ അൻപതുവർഷമായി കൃഷി ചെയ്യുന്നു
തുവരയും ചിരങ്ങും തിനയും ഞങ്ങളു തുടങ്ങി

ഞാനെന്റെ പശുക്കളെയും ആടുകളെയും
എനിക്കു പകരുന്നതിന്റെ പാദോടിയിൽ വളർത്തി

ഞാനിപ്പോഴും ഈ മണ്ണിനോടു യുദ്ധം ചെയ്ത്
എന്റെ കൃഷിയിടത്തെ പരിപാലിക്കുന്നു.

എന്റെ പഴഞ്ചൻ ഹൃദയത്തിന്റെ താളം പോലും
ഈ കൃഷിയിടത്തിന്റെ താളമായി മാറി

എന്ന് ഞാൻ ഉറങ്ങുമോ അന്നുവരെ
ഞാൻ ഈ മലയിടുക്കിലുണ്ടാകും ഈ പാട്ടും പാടി...

VISHNU KM.
AGRL. ENGG

# ATTENDANCE DIARY

21 JULY 2018

Attendance 75% ആക്കുവാൻ ഒരോട്ടം. പിന്നെ അലച്ചിലുകളാണ്, ഓർഡറുകൾ, കാലുപിടിത്തം 60%, 62%, 63.45%, 68%, 73.14%, 74.443%. അവസാനം 75% ഹൊ... ആശ്വാസമായി. ഈ ക്ലാസൊക്കെ അറ്റൻഡ് ചെയ്ത് 75% അറ്റൻഡൻസാക്കി പരീക്ഷ എഴുതാനാണോ ഞാനീ professional collegeലേക്ക് വന്നത്. അതോ എന്റെ ഭാവി കെട്ടിപടുക്കാനോ? ഇതിനിടയിൽ ഇതാവില്ല എന്റെ തുടർന്നുള്ള ജീവിതം എന്നു തന്നെ തോന്നിപ്പോവും. അല്ല നിർബന്ധിത വിദ്യാഭ്യാസം കഴിഞ്ഞില്ലേ, പിന്നെ എന്തിനാ ഈ 75% നിർബന്ധിത ഹാജർ? ക്ലാസുകളിൽ നേടുന്ന അറിവ് വലുതാണ്, ആ അറിവ് ചിലപ്പോൾ പ്രയോജനപ്പെട്ടില്ലെങ്കിലോ? ചിലപ്പോൾ നിർണായക നിമിഷങ്ങളിൽ പ്രയോജനപ്പെട്ടാലോ? ഒരു പക്ഷേ എനിക്ക് ഇഷ്ടമില്ലാത്ത വിഷയവും അറ്റൻഡ് ചെയ്യാൻ തോന്നാത്ത ക്ലാസുകളും നാളെ ആവശ്യമെങ്കിൽ ഞാൻ തിരിച്ചു പിടിച്ചേക്കുമല്ലേ. ആവോ... എന്നാലും അറ്റൻഡൻസ് 75% ആക്കാൻ ഓടുമ്പോൾ സമയത്തിനു ക്ലാസിൽ കയറിയിരുന്നേൽ ഇപ്പോൾ ഇങ്ങനെ ഓടണമായിരുന്നോ? എന്ന ചോദ്യം ഏറെ വേദനിപ്പിക്കും ട്ടോ. ആരെയും ബുദ്ധിമുട്ടിപ്പിക്കണം എന്നു വിചാരിച്ചിട്ടോ അഹങ്കാരം കൊണ്ടോ അല്ലാട്ടോ എന്തോ അങ്ങനെ ആയിപ്പോയി. ഒരു സെമ്മിൽ പ്രാക്ടിക്കലിനു കയറുമെങ്കിൽ അടുത്ത സെമിൽ തിയറിക്കായിരിക്കും കയറുക. വേറൊന്നിൽ രാവിലെ കയറും. പിന്നെ കേറില്ല. പിന്നെ ആർട്സോ മറ്റോ വന്നാൽ പിന്നെ നോക്കണ്ട... ആർക്കെങ്കിലും വയ്യാന്നോ മറ്റോ പറഞ്ഞാൽ ആശുപത്രിയിൽ കൊണ്ടു പോകാതിരിക്കാൻ തോന്നാഞ്ഞിട്ടല്ലേ. ഇല്ലേൽ ക്ലാസിൽ കയറിയേക്കും. ഇതൊക്കെ കഴിഞ്ഞ് സ്വന്തം വകയായുള്ള ചില ലീവുകളും കൂടി ആവുമ്പോ അറ്റൻഡൻസ് ഇതാ കിടക്കുന്നു below 60%. ഹൊ. എന്റമ്മേ പിന്നേം ഓടണം 75% ആക്കാൻ, 5 ക്ലാസ് കട്ട് ചെയ്താൽ കുറയുന്നത് 50%. എന്നാൽ 5 ക്ലാസിൽ കയറിയാൽ കൂടുന്നത് 10% എങ്ങാനും. എന്തൊരു കഷ്ടമാ എന്റെ ഈശ്വരാ...

പിന്നെ ക്ലാസ് ഇഷ്ടമല്ലാതെ attendanceനു വേണ്ടി മാത്രം ഇരുന്ന ക്ലാസുകൾ എനിക്ക് യാതൊരു പ്രയോജനവും ഉണ്ടാക്കിയിട്ടില്ലാട്ടോ പക്ഷേ അല്ലാതെ ഞാൻ കയറുന്ന ക്ലാസുകൾ ഏറെ ഗുണം ചെയ്തിട്ടുണ്ട്.

ഇവിടെ നിന്നും എനിക്കുവേണ്ട (എനിക്കു വേണം എന്ന് എനിക്ക് തോന്നുന്നവ) ഞാൻ നേടിയെടുക്കാൻ ശ്രമിക്കുന്നുണ്ട്. ഓരോരോ വൃത്തികെട്ട നിയമങ്ങൾ 75% attendance ഇല്ലെങ്കിൽ പരീക്ഷ എഴുതിപ്പിക്കില്ല. I ആക്കും. യൂണിവേഴ്സിറ്റിക്ക് കാശുണ്ടാക്കാനുള്ള പരിപാടിയല്ലേ. എന്നാലും ഞങ്ങളുടെ അധ്യാപകർ അത് അനുവദിക്കാതിരിക്കാൻ ശ്രമിക്കുംട്ടോ. അല്ല യൂണിവേഴ്സിറ്റി അറ്റൻഡൻസ് 75% ഉണ്ടെങ്കിൽ മാത്രമേ ആ കോഴ്സ് ജയിക്കൂ എന്നുണ്ടോ? ഏ? ... എന്നെ പരീക്ഷ എഴുതാൻ അനുവദിക്കൂ ജയിക്കുകയും തോൽക്കുകയും എന്റേതായ കാര്യങ്ങൾ ല്ലേ? തോറ്റിട്ടു നിങ്ങളുടെ മുന്നിൽ വന്നാൽ I ആക്കുകയോ എന്താച്ചാ ചെയ്തോ. ഞാനൊന്ന് പരീക്ഷ എഴുതിക്കോട്ടേ.. അധ്യാപകരോ അവരുടെ വിഷയമോ ഇഷ്ടമല്ലാത്തതുകൊണ്ടോ ഇഷ്ടമില്ലാഞ്ഞിട്ടോ മാത്രമല്ല ഞാൻ ക്ലാസ് അറ്റൻഡ് ചെയ്യാത്തത്, തോന്നാഞ്ഞിട്ടാ... പിന്നെ ഞാൻ സ്വപ്നം കാണുന്ന എന്റെ ലോകം പലപ്പോഴും ഈ വിഷയങ്ങളുമായി യാതൊരു ബന്ധവും ഇല്ലാത്തതായിരിക്കും. certificate നുവേണ്ടി എന്റെ വിഷയങ്ങൾ ജയിക്കാൻ ശ്രമിക്കും. ചിലപ്പോൾ GP നോക്കും. ചിലപ്പോൾ just pass, അത് മതി. നിർബന്ധിതമായ ഈ 75% അറ്റൻഡൻസ് വ്യവസ്ഥയെ ഞാൻ വെറുക്കുന്നു അറ്റൻഡൻസ് ബാധകമല്ലാത്ത നല്ല നാളുകൾ ഉണ്ടാകട്ടെ എന്നു ഞാൻ പ്രത്യാശിക്കുന്നു. എന്റെ ശരികൾ മറ്റുള്ളവർക്ക് തെറ്റുകളും എന്റെ തെറ്റുകൾ മറ്റുള്ളവർക്ക് ശരികളുമായിരിക്കാം, അതിൽ ഞാൻ ശ്രദ്ധിക്കുന്നില്ല.

എന്റെ ജീവിതം എന്റേതുമാത്രമാണ്. നിങ്ങൾ അതിഥികളും.

Tavanur
21/07/2018

Shibin Raj R P
2016-06-021

# രക്ത സാക്ഷി ....

രാഷ്ട്രീയം കലാലയങ്ങളിൽ നിറഞ്ഞാടുന്ന ഈ കാലത്ത് എന്താണ് വിദ്യാർത്ഥിരാഷ്ട്രീയം എന്ന് നാം ചിന്തിക്കേണ്ടതില്ലേ...?. വിദ്യാർത്ഥികളുടെ ആവശ്യങ്ങളും അവകാശങ്ങളും വേണ്ടി പ്രവർത്തനം ചെയ്യുന്ന വിദ്യാർത്ഥി രാഷ്ട്രീയം ഇന്ന് എന്ത് അർത്ഥമാണ് നിൽക്കുന്നത് എന്ന് നാം ഒന്ന് ആലോചിച്ച് നോക്കിയാൽ 'അതും ഇതിൽ ഒതുങ്ങിപോകും'. ഇന്ന് ബോധത്തിലുപരി വീണ്ടും ജനിക്കാനുള്ള ഒരു വേദിമാത്രമായി മാറിയിരിക്കുന്നു. വിദ്യാർത്ഥികളുടെ അവകാശങ്ങളുടെ പേര് പറഞ്ഞ് ചില പാർട്ടികൾ അവരെ റിക്രൂട്ട് ചെയ്യുന്ന ഒരു വേദി മാത്രമായി മാറിയിരിക്കുന്നു. കുട്ടികളെ മുന്നിൽ നിർത്തി രാഷ്ട്രീയ നേട്ടങ്ങൾ മാത്രം നേടിയെടുക്കാനുള്ള കൊടിയ രാഷ്ട്രീയ നീക്കം. ഉപരിപഠനത്തിനും ഭാവിയ്ക്കുമായി കലാലയങ്ങളിൽ എത്തിച്ചേരുന്ന വിദ്യാർത്ഥികളിൽ പലരും മയക്കുമരുന്നും അടക്കം തെറ്റായ രാഷ്ട്രീയവും മുന്നിൽവച്ച് രാഷ്ട്രീയക്കാരന്റെ നേട്ടങ്ങൾ മാത്രം നേടിയെടുക്കുന്നതിലൂടെ അവർക്ക് നേട്ടങ്ങൾ ഉണ്ടാകുന്നു എന്നാൽ അത് ഒരു തലമുറയിൽ ആഗ്രഹങ്ങളും വിള്ളലുകൾ വീഴ്ത്തുന്നു എന്ന് ആരും ശ്രദ്ധിക്കാറില്ല. എല്ലാ പാർട്ടിക്കാർക്കും അവരുടെ ഔദ്യോഗിക സംഘടനയായിട്ട് ഒരു വിദ്യാർത്ഥിരാഷ്ട്രീയ പ്രസ്ഥാനവും ഉണ്ട്. വീട്ടിലെ പഠനാലയം തേടി വരെ വിദ്യാർത്ഥി രാഷ്ട്രീയം നിറഞ്ഞാടുമ്പോൾ എവിടെയാണ് ശരി എന്താണ് നമ്മുടെ വഴി എന്നൊന്നും ആരും ശ്രദ്ധിക്കാറില്ല. വിദ്യാർത്ഥികളുടെ അവരുടെ പ്രാഥമിക കർത്തവ്യങ്ങൾ മറന്ന് ഒരു രാഷ്ട്രീയക്കാരനാകുന്നതിൽ അവിടുത്തെ അധ്യാപകർക്കും വലിയ പങ്കുണ്ട്. സ്കൂൾ കാലങ്ങളിൽ അധ്യാപകർക്ക് കുട്ടികളെ പഠിപ്പിക്കാൻ അറിവും സ്നേഹവും മാത്രമേ ഉണ്ടായി എന്നാൽ ഇന്ന് കലാലയങ്ങളിൽ എത്തുമ്പോൾ രാഷ്ട്രീയ പാഠമാകുന്നു.

അദ്ധ്യാപകരുടേയും അനദ്ധ്യാപകരുടേയും രാഷ്ട്രീയ നേട്ടങ്ങൾക്ക്
വിദ്യാർത്ഥിരാഷ്ട്രീയം ഉപയോഗിക്കുന്ന പ്രവണത അത്യന്തം നാശ-
കരമാണ്. ഇതെല്ലാം ആ വിദ്യാർത്ഥിയും അവന്റെ രാഷ്ട്രീ-
യവും വളച്ചൊടിക്കപ്പെടുമ്പോൾ നഷ്ടമാകുന്നത് അനേകം അവ-
കാശങ്ങളും അതിലുപരി നമ്മുടെ അവസരങ്ങളുംതന്നെ എന്നാ-
ണ് നേട്ടങ്ങളോ. ഇന്നത്തെ കവിതയാണ് "രക്തസാക്ഷികളും". ഓരോ
പാർട്ടിയും ദിവ്യമാക്കപ്പെടുന്നത് രക്തസാക്ഷികളുടെ എണ്ണത്തിൽ
മാത്രം. അതിൽ തന്നെ മിക്ക രക്തസാക്ഷികളും ഉണ്ടായത് സ്വന്തം
ചില പാർട്ടിക്കാരുടെ കൈകൊണ്ടുതന്നെ...! കാരണം ഓരോ രക്ത-
സാക്ഷിയും വോട്ടാണ്... എന്നാൽ ആ രക്തസാക്ഷിയുടെ വീടിന് അന്ന്
കിട്ടുന്നത് നഷ്ടമായ ഒരുപിടി സ്വപ്നവും സന്തോഷവും ആയിരുന്നു
രാഷ്ട്രീയക്കാരന്റെ ചതിക്കുഴിയിൽ വീഴാതെ, ശരിയുള്ള നന്മയുള്ള
രാഷ്ട്രീയം തിരഞ്ഞെടുക്കുക. അടിപിടികളല്ല, അവകാശങ്ങൾക്ക് വേ-
ണ്ടി മാത്രം.. വിദ്യാർത്ഥികളുടെ അവകാശങ്ങൾക്കു വേണ്ടി മാത്രം....

[signature]
Shinji.M.

# നിർവികാരത

നിറയുന്ന മിഴികളിൽ നിന്നു ഞാൻ
നിൻ ഹൃദയ സ്പന്ദനം കേട്ടു.
പറയാതെ പോയ ഒരുനൂറു കഥകൾ
ഒരു നിമിഷത്തിൽ ഞാൻ കണ്ടു.

എന്നിട്ടും ഞാനൊരു ശില്പമായിരുന്നു
എൻ ഇരു കൈകളിലും വിലങ്ങായിരുന്നു.
അലിവിനായ് നീട്ടിയ നിൻ കരങ്ങൾ
വെറുതെ നോക്കി നിൽക്കുവാനേ കഴിഞ്ഞു.

കളങ്കമില്ലാത്ത നിൻ പിഞ്ചു മുഖമെൻ
മരവിച്ച മനസ്സിൽ പതിഞ്ഞു.
നിദ്രാ വിഹീനമാം ഒരായിരം നിശകളിൽ
പശ്ചാത്താപിയായ് ഞാൻ കിടന്നു.

ഒരു വട്ടം കൂടി നിൻ മുഖമൊന്നു ദർശിച്ചാൽ
തിരികെ തരാം ഞാൻ നിൻ മധുര ബാല്യം.

– Nazila . C

# Candid

Rahees P.

തലയിൽ തേങ്ങവീണ ഉമ്മാപ്പയും കൊണ്ടാണ് ഞാൻ കോഴിക്കോട് Medical College Casuality Centre ൽ എത്തിയത്. അവിടെ എത്തുന്നതു വരെ ഉമ്മാപ്പ വിറുവിറുക്കുന്നുണ്ടായിരുന്നു. "എന്തിനാണ് പടച്ചവൻ എന്നെ മാത്രം ശിക്ഷിക്കുന്നത്. ഞാൻ ആർക്കും ഒരു ദ്രോഹം ചെയ്തിട്ടില്ലല്ലോ". പുറത്ത് ചീറിപ്പായുന്ന ആംബുലൻസിലെയും ശബ്ദം കേൾക്കുന്നുണ്ടായിരുന്നു. ഡോക്ടർ പരിശോധന തുടങ്ങി. അപ്പോഴാണ് ഒരു കാര്യം ശ്രദ്ധിച്ചത് Casuality ലെ ഡോക്ടർമാർ എല്ലാവരും 5ാം വർഷ വിദ്യാർത്ഥികളായിരുന്നു ഉമ്മാപ്പയുടെ തലയിൽ തേങ്ങവീണപ്പോൾ തലയിൽ ആപ്പിൾ വീണ ഐസക് ന്യൂട്ടനെ ആണ് ഓർമ്മവന്നത്. പുതിയ വല്ല കണ്ടുപിടുത്തം തോന്നിയോ എന്ന് ഞാൻ ചോദിക്കാൻ വന്നതാണ് പക്ഷെ ഉമ്മാപ്പയുടെ വെപ്രാളം കണ്ടിട്ട് കിളി പോയ അവസ്ഥയിലായിരുന്നു ഞാൻ. കണ്ണടച്ചു തുറക്കുന്ന സമയം കൊണ്ട് തന്നെ നഴ്സുമാർ ഉമ്മാപ്പയുടെ തല ഡ്രസ്സ് ചെയ്ത് കഴിഞ്ഞിരുന്നു. വീൽ ചെയറിൽ ഇരുത്തി ഉമ്മാപ്പയെ പുറത്തേക്ക് കൊണ്ടുപോകുമ്പോഴാണ് സ്ട്രെക്ചറിൽ കിടത്തി കൊണ്ടുപോകുന്ന ഒരാളെ ശ്രദ്ധിച്ചത്. ആളുടെ തലയിൽ നിന്ന് rubber പാല് ഒഴുകും പോലെ ചോര ഒഴുകുന്നുണ്ടായിരുന്നു. പക്ഷെ ആളാണെങ്കിൽ ഒരു പുഞ്ചിരിയോടെ സ്ട്രെക്ചറിൽ

കിടക്കുന്നു. സംഭവം എന്തെന്നറിയാൻ എനിക്ക് ആകാംക്ഷ യായി.

നമ്മൾ മലയാളികൾക്ക് മാത്രം രക്തത്തിൽ അലിഞ്ഞുചേർന്ന ഒരു പ്രത്യേകതരം ജിജ്ഞാസ ഉണ്ടല്ലോ. അതങ്ങ് അലയടിക്കുവാൻ തുടങ്ങി. ചുമ്മാ പയ്യെ അവിടെ "ഇടിക്ക്" എന്നാൽ സ്ട്രക്ചറിനു പിന്നാലെ നടന്നു. കിടക്കുന്ന ആൾ ആരാ എന്നെങ്കിലും കൂടെ നടക്കുന്നവർ കരഞ്ഞു ബഹളം ഉണ്ടാക്കുന്നു. ഒരുത്ത യാതൊരു ഭാവവ്യത്യാസവുമില്ലാതെ നടക്കുന്ന കണ്ടപ്പോൾ ചുള്ളിയോട് കാര്യം തിരക്കി. "ഒരു Candid". എടുക്കാൻ പോയതാ. പക്ഷേ ഒരു ഒന്നൊന്നര പോയതാ. പക്ഷേ ഒരു ഒന്നൊന്നര Candid ആയി പോയി. ഇത്രയുമേ പുള്ളി പറഞ്ഞുള്ളൂ. ആൾ പരിപ്പുവട-ടിനേക്ക് ബിസിയാണെന്നു തോന്നുന്നു. കാരണം സംഭവം തൃപ്തിപ്പിച്ചില്ല. എനിക്കു മനസ്സി യും ഇല്ല. ഒരു ചെറിയ നഷ്ടബോധത്തോടെ തിരിച്ചു "ഇടിക്ക് പോയ ചുമ്മാപയ്യുടെ അടുത്തേക്ക് തന്നെ പോന്നു. വീട്ടിൽ തിരിച്ചെത്തി Foot ball കളിയും കണ്ട് കിടന്നുറങ്ങി. രാവിലെ ചാടിപ്പോയി പത്രം എടുത്തു ചരമ വർത്തമാനം പേജ് തന്നെ ആദ്യം നോക്കി "Candid എടുക്കാൻ മരത്തിൽ കയറിയ ആൾ, മരത്തിൽ നിന്നു വീണു". വാർത്ത കണ്ട് വായിച്ചപ്പോൾ സംഗതി നമ്മുടെ കക്ഷി ആണെന്നു മനസ്സിലായി. പത്രം വായിച്ചു കൊണ്ടിരുന്നപ്പോൾ അറിയാതെ വന്ന് ഒരു Photo അങ്ങ് എടുത്തു. ഞാൻ അറിയാതെ ആണ് എടുത്തതെന്ന് കക്ഷി വിചാരിച്ചു. പക്ഷേ നമ്മളോടാണോ കളി. ഒരു കട്ട Candid പോസ് അങ്ങ് കൊടുത്തു. വിനാശ്!!!....

# Scribbled Stories...!

* "I wish.... I could say it..... Out loud...
What exactly I feel inside my heart....
Bt just... I can't... Only coz I was born to be a GIRL...."

* "I knew what he was trying to say....
I smiled and he understood what I am
trying to reply....."

* "Sometimes a simple smile from the
special person can cure any problems in us....
bt nothing z more heartbroken than a
strange look from the same...."

* "I do wanna be angry like waves...
Bt I don't want it to end up like a disaster...."

* "Let your thoughts be mine... So that I can hear you...
Let your sufferings be mine... So that I can make you happy..
Let your happiness be mine... So that we can live happily
EVER AFTER..."

* "Do I have to 'face' it... ??? Or 'leave' it ...???
A bit confused... I would rather choose 'to face'
than 'to leave' as I dont wanna run off like
a 'theif' bt to fight like a 'soldier'...."

* "Telling sweet lies instead of bitter truth
z far more good deed... Coz someone's
happiness is allthat matters..."

* "Being alone z nt a worse thing..
It make you realise who you are
It make you to listen ur innervoice
It make you to be URSELF"...

— RANJISHA. K

## ഗ്രാമത്തിലാവട്ടെ....



വീടു വയ്ക്കുന്നെങ്കിൽ, ഗ്രാമത്തിലാവട്ടെ
കൂട്ടുകൂടുന്നെങ്കിൽ, കുഞ്ഞുങ്ങളോടാവട്ടെ
കൂട്ടുവെട്ടുന്നെങ്കിൽ നിന്നോടുതന്നാവട്ടെ
കൂടിക്കുഴയുന്നേൽ ഭാര്യയോടാവട്ടെ
വയ്ക്കുന്ന വീടൊരു പുഴയോരത്താവട്ടെ
മാമുനിയ്ക്കൊക്കും കുടിൽ തന്നെയാവട്ടെ
ആ കുടിൽ മുറ്റത്ത് കായ്കറിത്തോട്ടവും
നറുംപാൽ കുടിക്കാൻ തൊഴുത്തിലൊരു പയ്യും
അടുത്തവർഷത്തിൽ അവൾക്കൊരു കുഞ്ഞും
ഗ്രാമമാണെന്നൊരു സ്വർഗ്ഗത്തിലും ഭേദം
മതിനിനക്കെല്ലാം സംതൃപ്തനാക നീ.

Jino Joy.

# പുലരി



ശ്യാമാംബരം വിങ്ങിനിന്നിടവേ
ഇരുളിൻ മണിശയ്യയിൽ മയങ്ങിടുന്നു
ഒരു തൂവൽ പൊൻകിരീടം
എരിഞ്ഞണഞ്ഞിട്ടും രാവുകൾ

നിശാതാരകൾ നിറനിലാവുകൾ
ഉദിച്ചുപുലരിപോൽ വെൺമയാർന്നിട്ടു
നിലവാർന്നി നിറനിലാവിനാൽ
മുഖംനോക്കിനിന്നു ജലശയ്യമേൽ
നിസ്വനം കേണിടുന്നു ചെറുനിലാപക്ഷികൾ..

രാവിൻ ഹൃദയവാതിൽ കാതോർത്തിടും നനവിന്നാ
തെന്നലിൻ താളത്തിലൂയലാടവേ
മാഞ്ഞിടുന്നു മറഞ്ഞിടുന്നു നിദ്രാനിസ്വനങ്ങൾ
എരിഞ്ഞുതിരുമീ ദീപനാളത്തിൽ
മറഞ്ഞു പോകുമീ അഗ്നിഗോളങ്ങൾ
തെളിച്ചിടുന്നതി ഓർമകളെന്ന പോൽ

ഉദിച്ചു പൊങ്ങിയാ പൊൻപുലരിയും
കിഴക്കുന്നിന്നിമാ ദേവൻ തെളിച്ചിട്ടു
വെളിച്ചമേകിയാ പൊൻപ്രഭാതവും
വിരിഞ്ഞ പുലരികൾ വിരൽ തലോടവേ
വിശ്വമേകിയാ പുതിയ നാളെയും.

- Anusree..



Varun Raventhiranathan

# The Mask



My skin is burning behind the mask
Strong emotions rolling inside
I just smiled it off away
'Smile' is my natural mask

Iwanna cry loud
Iwanna look around
My lips are locked
My eyes are blocked


Behind the fake smiles
Behind those lies
Lie the distant echos of my crying
Lie my cage of recover

I forgot who Iwas
how do I smiled
how do I cried
Iam losing my trueself

I fear, Iwill be misfit to society
My surrounding demands the mask
All are masked
World is masked

Crushing away the mask
I wanna show the world
What really I am
Iam not 'perfect', but Iam no'fake'

— MINU PAUL



And you'll ask: why doesn't his poetry speak of dreams & leaves & great volcanoes of his native land? Come and see blood in the streets.

— NERUDA.

# വാടാത്ത നീർമാതളപ്പൂവ്

മലയാളികളുടെ സദാചാരബോധത്തെ പിച്ചിച്ചീന്തിയ, സ്ത്രീ സത്വത്തിന് സാഹിത്യത്തിൽ വേറിട്ട ശബ്ദം നൽകിയ, കഥകളുടെ കാണാത്ത വാതായനങ്ങളെ തുറന്നുതന്ന എഴുത്തുകാരി, കമലസുരയ്യ !

ബാഹ്യമായ സൗന്ദര്യത്തിന് പുറമെ കലയുടെ എഴുത്തുകളിൽ നിറഞ്ഞു നിന്നത് അവാച്യമായ ചിന്താതലങ്ങളുടെ പ്രതിഫലനങ്ങളായിരുന്നു. സമൂഹവും, സ്ത്രീയും, പ്രണയവും ഒരുപോലെ കമലയുടെ എഴുത്തുകളിൽ വിഷയങ്ങളായി. സർഗാത്മകതയിൽ ചാലിച്ചെഴുതിയ പ്രണയകാവ്യമായിരുന്നു കമല എന്ന കഥാകാരി. വാക്കുകളിലും വരികളിലും പ്രണയമൊളിപ്പിച്ചു വെച്ച അവർ പ്രണയത്തെ ആത്മാവിന്റെ ഭോജനമായി വിശ്വസിച്ചു. അഗാധമായ സങ്കടക്കടൽ നീന്തിക്കടന്നവളാണ് കമലസുരയ്യ. അവരുടെ ഓരോ കൃതികളിലും അത് പ്രകടമാണ്. മനുഷ്യ മനസ്സിനെ മൂകമായി വേദനിപ്പിക്കുന്ന കമലയുടെ 'നെയ്പായസം' വായിച്ചാൽ കണ്ണു നനയാത്തവർ ചുരുക്കമായിരിക്കും.

ഒരു എഴുത്തുകാരി എന്ന നിലയിൽ സമൂഹം അവരോട് നീതി പുലർത്താൻ പരാജയപ്പെട്ടിരുന്നു. ഒരു സ്ത്രീ

എഴുതാൻ ധൈര്യപ്പെടാത്തത് കമല 'എന്റെ കഥ' യിലൂടെ എഴുതിയപ്പോൾ ചോദ്യശരങ്ങൾ ഉതിർക്കാൻ മാത്രമേ സമൂഹം നിലകൊണ്ടുള്ളൂ. മലയാളത്തിന്റെ മാധവിക്കുട്ടി മതം മാറി കമല സുരയ്യ ആയപ്പോഴും സമൂഹം ആക്രോശിച്ചു. പക്ഷേ അവരിലെ എഴുത്തുകാരിയ്ക്ക് ഏതു പ്രതികൂല സാഹചര്യവും എഴുത്തിലേയ്ക്ക് നയിക്കുന്ന നല്ല അനുഭവങ്ങൾ മാത്രമായിരുന്നു. വാക്കുകളിൽ അത്ഭുതം തീർത്ത് കമല ഒരുക്കിയത് ആരാലും പകരം വെയ്ക്കാൻ കഴിയാത്ത കൃതികളായിരുന്നു.

കമല പോയതിനു ശേഷവും എത്രയോ തവണ നീർമാതളം കാലം തെറ്റി പൂത്തു... ഇനി തിരികെ കിട്ടാത്ത അവരുടെ പുഞ്ചിരിയുടെ ഓർമ്മയ്ക്കെന്നപോലെ...!

– ഹിന നാസർ

# My Colour

Life is filled with different Colour,
Some choose their own Colour,
And force the other to choose the same
So which colour should I choose

Some colours are brighter
Some are darker
But for my surprise,
I find the brighter supressing the darke
So which Colour should I choose.

Some colours are relaxing
Some are irritating
But I know that nothing can be
judged by appearance
So which Colour should I choose

Colours fight each other
to be the Supreme,
So should I choose the supreme
But I know nothing is ~~Immortal~~ Permenant
So which colour should I choose

Life begins with White

Ends in Black.

and the journey have millions and

millions of Colour.

I find my self to be shamed

for not having a colour.

But what if I choose the wrong.

Having no colour means that

I am worthless.

But it is better not to choose,

a colour secretly and being,

colourless.

So which Colour should I choose.

I suppose I should choose "my Colour"

Vishnu Gopal. A

Agril Engineering


LOVE
PEACE
LIFE
JUSTICE
FREEDOM
EQUALITY
AMRUTHA G

# ഒരു തിരനോട്ടം

കാലം കരുതിവച്ച കരത്തിൽ
വിരിഞ്ഞ ഹരിത മുകുളമേ.
ഹരിതാഭമാക്കേണ്ട നിൻ ഇലകളിൽ, നാള
നാള് ഇന്ന് നാനാവർണ്ണത്തിൻ ചുരാട്ടം കാണുന്നു.

നിനക്ക് കരുത്ത് നൽകേണ്ട
വേരുകൾ തന്നെ നിന്നെ തളർത്തുമ്പോൾ
ശിഥിലമാക്കുകയാണല്ലോ നിൻ കരുത്ത്.
നിനക്കായ് ശബ്ദമുയർത്താൻ ഇന്ന് ആരുമില്ല

നിന്നിൽ പ്രതീക്ഷ അർപ്പിച്ച ഒരു കിളിക്കൂട്.
~~കിളിക്കൂടം~~ അനന്തമായ ഈ ആകാശത്ത്
വഴിയറിയാതെ ദിക്കറിയാതെ ഉഴലുമ്പോൾ
തിരികെ വരിക നീ തണൽ ഏകാൻ.

അധികാരങ്ങൾ കൈയടക്കിയ നിൻ ദൈവം
ഞങ്ങൾ തൻ കണ്ണീർ പകർന്നു നൽകുന്നല്ലോ
ഉണരണം. നിലച്ചുപോയ നിന്നിൽ ~~നാൾ~~
നിൻ നിപുണ മാനം. ഭാഗ്യമാകുന്നു.

കാലത്തിൻ കരത്തിൽ ഉയരുക നീ
ബന്ധങ്ങൾ തൻ ബന്ധനങ്ങൾ തകർക്കുക നീ.
ഇനി വരും നാളുകൾക്ക് തണൽ ഏകാൻ
ഉയരുക നീ, ഉണരുക നീ.

# MOVIE MANIA

Movies say about dreams, struggle and passion. No art passes our conscience in the way film does and goes directly to our feelings, deep down into the dark rooms of our souls - these weren't said by me but by somebody who is a true admirer of films

Humans preach so much about their intelligence which makes him gain control of the world. But when it comes to movies you can't separate fact from fiction. Trust me, you can't. That is why atleast some of you sit and weep infront of the TV watching some melodramatic scene

After the Hollywood movie "Jaws' hit the theaters, we nearly drove sharks to extinction with feverish hunting. People adapted to the characters of the film into their heads and started imitators doing the same - hunting sharks. Do you know that the number of kids taking martial arts class

exploded after "The Karate Kid". Why do you think this happens? That's why I said you people are so hyped about movies.

Watching TV is not just fun but it is a sort of escapism, from this boring and drowsy world and go to a new realm that we would prefer to live in. So friends wake up. Get out of the world of fantasies and live the real world. Get out and feel the wind on your face and the exquisite treasures of nature. Experience how it feels like living rather than spending your valuable time infront of TV.

– ANJALY

# ഉഴുതു മറിച്ച ചിന്തകൾ

ശീർഷകം വായിച്ചിട്ട് ഇത് കൃഷിയെ കുറിച്ചാണോ ചിന്തകളെ പറ്റിയാണോ എന്ന് ആശയക്കുഴപ്പത്തിലാവേണ്ട. ഉഴുത് കഴിഞ്ഞാലുള്ള നിലം പോലെയാണ് ചില വിഷയത്തെപ്പറ്റിയുള്ള ചിന്തകൾ; ആകെ കുഴഞ്ഞ് മറിഞ്ഞിരിക്കും. അത്തരം വിഷയങ്ങളെ നമ്മളേത് വശത്ത് നിന്ന് നോക്കിയാലും ഒരു പോലെയിരിക്കും. ഏതാണ് ശരി എന്ന് കണ്ടുപിടിക്കാൻ കഴിയാത്ത അവസ്ഥ. ഇനിയും കൂടുതലായി എന്തെങ്കിലും പറയാൻ ഉദ്ദേശിക്കുന്നില്ല. വിഷയത്തിലേക്ക് കടക്കാം.

മരണം- അത് അനിവാര്യം തന്നെയാണ്. മനുഷ്യനായാലും ശരി മറ്റ് ജീവജാലങ്ങളായാലും ശരി ജനിച്ചാൽ മരിച്ചിരിക്കും. ഇതെല്ലാം പറഞ്ഞ് ഒരു തത്വചിന്തക്കുള്ള വഴിയൊരുക്കുകയല്ല ഞാൻ. എന്നാലും ചിന്തിച്ച് നോക്കേണ്ടത് തന്നെയാണ്.

ചില മരണങ്ങൾ; അല്ല കൊലപാതകങ്ങൾ നമ്മെ വല്ലാതെ പിടിച്ചുലക്കും. സന്തോഷവും സങ്കടവും എല്ലാം അനുഭവിച്ച് ഒരുപാട് കാലം ജീവിക്കേണ്ട ഒരു മനുഷ്യനെ അയാളുടെ യാത്രയുടെ പകുതിക്ക് വെച്ച് ഇറക്കിവിടുക, അത് സുഖമുള്ള കാര്യമല്ലല്ലോ?

ചില കൊലപാതകങ്ങൾക്ക് കാരണങ്ങൾ ഉണ്ടാകും പക്ഷേ സാധാരണക്കാർ അത് കേൾക്കുമ്പോൾ ചിന്തിക്കും ഇതൊക്കെ ഒരു കാരണമാണോ എന്ന്. എന്നാൽ ഇത്തരത്തിൽ നിരപരാധികൾ വധിക്കപ്പെടുമ്പോൾ തന്നെ വലിയ വലിയ കുറ്റകൃത്യങ്ങൾ ചെയ്ത്, അതിന് ഈ കൊലപാതകങ്ങൾ നടത്തിയ പ്രതികൾ തന്നെ നിയമത്തിന്റെ ബലത്തിൽ സമൂഹത്തിലിറങ്ങുന്നു. ഇതാണോ ഏറ്റവും വലിയ ലിഖിത ഭരണഘടനയുള്ള ഭാരതത്തിന്റെ നീതിയും ന്യായവും? അങ്ങനെയാണ് എങ്കിൽ ഈ നീതിയിലും ന്യായത്തിലും എനിക്ക് വിശ്വാസമില്ല.

പക്ഷേ പറഞ്ഞ് വന്നത് ഇതൊന്നുമല്ല. ബോധിപ്പിക്കാനാഗ്രഹിച്ചതും ഇതല്ല. എന്താ, താഴ്ന്ന ജാതിക്കാരും മേൽജാതിക്കാരും പ്രണയിച്ചാൽ മാത്രമേ ദുരഭിമാനം തല പൊക്കുകയുള്ളൂ? അല്ല അങ്ങനെയല്ല. പല ദുരഭിമാനങ്ങളും മറ്റ് പല പേരുകളുടെയും മുഖംമൂടി അണിഞ്ഞിരിക്കുകയാണെന്നേയുള്ളൂ. ആ മുഖംമൂടി അഴിഞ്ഞു വീഴുമ്പോൾ അതിനടിയിലെ മുഖങ്ങളെല്ലാം ഒന്ന് തന്നെയായിരിക്കും - ദുരഭിമാനത്തിന്റെ.

അതും മറന്നിട്ടുണ്ടാവാൻ സാധ്യതയില്ല മധുവിനെ. എങ്കിലും ഓർമിപ്പിക്കാം. വിശപ്പിന്റെ പേരിൽ കള്ളനാക്കി കേരളത്തിലെ ചില സാക്ഷരജനങ്ങൾ കെട്ടിയിട്ട് തല്ലിക്കൊന്ന മധു. ഈയൊരു സംഭവത്തിന്റെ പേരിൽ കേരളജനത മുഴുവൻ ലോകത്തിന്റെ മുന്നിൽ അപഹാസ്യരായി. സത്യം പറഞ്ഞാൽ അതും ദുരഭിമാനമായിരുന്നില്ലേ.? ഇത്ര വികസിച്ച ഈ നാട്ടിൽ ഭക്ഷണത്തിന് വേണ്ടിയായാലും മോഷ്ടാക്കളുണ്ടാകുന്നത് ഇവിടെ താമസിക്കുന്ന അന്തസ്സും അഭിജാത്യവും ഉള്ള വ്യക്തികളെന്ന നിലയിൽ അവർക്ക് സഹിക്കുമോ? എന്നാൽ അത് പോലും സെൽഫിയെടുത്ത് സമൂഹമാധ്യമങ്ങളിലൂടെ എല്ലാവരേയും അറിയിച്ചു. "ഞങ്ങൾ ഒരു ഭീകര മോഷ്ടാവിനെ പിടികൂടിയേ" എന്ന്. "എന്താണയാൾ മോഷ്ടിച്ചത്?" "അത്, വിശപ്പകറ്റാൻ കുറച്ച് അരിയും മറ്റുമാണ്." കൊള്ളാം സമ്പൂർണ്ണ സാക്ഷരത. ബണ്ടിചോർ വരെ വന്ന് പോയ നമ്മുടെ കേരളത്തിലാണേ സംഭവം. ഒരു ആദിവാസിയായതാണോ അതോ വിശപ്പിന് ഭക്ഷണം മോഷ്ടിച്ചതാണോ മധു ചെയ്ത കുറ്റം എന്ന് ഇപ്പോഴും അറിയില്ല. അവരും മനുഷ്യരല്ലേ.

ഇനി മുഖംമൂടികളില്ലാതെ തന്നെ നമ്മൾ വായിച്ചറിഞ്ഞ ദുരഭിമാനക്കൊലകൾ വേറെ. കൗസല്യയിൽ തുടങ്ങി നീനുവിൽ എത്തി നില്ക്കുന്നു. അതിന്റെ ഇരകൾ; ഇരയെന്നല്ല ധീരരെന്ന് വേണം ഇവരെയെല്ലാം വിളിക്കാൻ. ഇങ്ങനെ നമ്മൾ അറിയാതെ പോയ ഒരുപാട് ധീരകളും ധീരന്മാരും ഉണ്ടായിരിക്കാം.

കൗസല്യയുടെ കാര്യമെടുത്താൽ തന്നേക്കാൾ താഴ്ന്ന ജാതിയിൽ പെട്ട ഒരാളെ വിവാഹം കഴിച്ചു എന്ന തെറ്റിന് സ്വന്തം അച്ഛൻ വിധിച്ച ശിക്ഷ വൈധവ്യമായിരുന്നു. നീനുവിന്റെ കാര്യവും ഒട്ടും ഭേദമല്ല. ശങ്കറിനെ നടുറോട്ടിലിട്ടാണ് വെട്ടി കൊന്നതെങ്കിൽ കെവിനെ തട്ടിക്കൊണ്ടു പോയി ശ്വാസം മുട്ടിച്ചാണ് കൊന്നത്. അല്ലെങ്കിലും സ്വന്തം മക്കൾ താഴ്ന്ന ജാതിയിലുള്ളവരെ വിവാഹം കഴിക്കൽ ഏത് അച്ഛനും അമ്മയുമാണ് ആഗ്രഹിക്കുക? ചെയ്ത തെറ്റിന് മക്കൾ ആയാലും ശിക്ഷ അനുഭവിച്ചേ മതിയാകൂ. പുച്ഛം തോന്നുന്നു ഈ ചിന്താഗതിയോട്. ഇത്ര അധ:പതിച്ച് പോയോ ഈ സമൂഹം? ജാതിയല്ല, ഒരാൾ ചെയ്യുന്ന പ്രവൃത്തികളാണ് അവനെ മനുഷ്യ-നാക്കുന്നത്. സ്കൂൾ പ്രവേശന സമയത്ത് മതം എന്ന കോളത്തിൽ "ഇല്ല" എന്ന് എഴുതാൻ തയ്യാറാവുന്ന അച്ഛനും അമ്മയുമുള്ള ഈ കാലത്ത് ഇത്തരം മാതാപിതാക്കളെ എന്ത് പറഞ്ഞാണ് വിശേഷിപ്പിക്കേണ്ടത്.! എന്ന് വെച്ച് എല്ലാവരും ജാതിയും മതവുമില്ലാത്ത ജീവിക്കണമെന്ന് ആശിക്കാനല്ലാതെ പറയാനുള്ള അവകാശമൊന്നും എനിക്കില്ല. കാരണം അതെല്ലാം തികച്ചും വ്യക്തിപരമാണ്. പക്ഷേ അത് സാമൂഹികമാവാതെ നോക്കേണ്ടത് സ്വന്തം ഉത്തരവാദിത്വമാണ്. ഈ പറഞ്ഞ സന്ദർഭങ്ങളിലല്ല മകളുടെ അല്ലെങ്കിൽ സഹോദരിയുടെ ഭർത്താവിനെയാണ് കൊന്നതെങ്കിൽ നമ്മുടെ ഈ മലപ്പുറത്ത് സ്വന്തം മകളെ കുത്തിക്കൊന്ന ഒരു അച്ഛനുണ്ടായിരുന്നു. അയാളെ ഇനിയും അച്ഛൻ എന്ന് വിശേഷിപ്പിച്ച് ആ വാക്കിന്റെ മഹത്വം കളങ്ക-പ്പെടുത്തുന്നില്ല. ഇവരെ കുറിച്ചൊക്കെ കൂടുതലായി എന്താ പറയുക? ഒന്നും പറയാനില്ല.

എന്നാൽ ഒരു കാര്യം ചോദിക്കട്ടെ, ഇപ്പോഴും നിങ്ങൾ ഇവരെയെല്ലാം ഓർക്കുന്നുണ്ടോ? ഇത്തരം വാർത്തകൾ കേൾക്കുമ്പോൾ പതിവു പോലെ കേരളം നടുങ്ങുന്നു. പിന്നീട് ആ നടുക്കം മാറി എല്ലാം സാധാരണ പോലെയാകുന്നു. പിന്നെ അവർക്കെന്താണ് സംഭവിച്ചതെന്ന് ആരെങ്കിലും ഓർക്കാറുണ്ടോ?

ഞാനടക്കമുള്ള ആളുകളോടാണ് എന്റെ ചോദ്യം. മരിച്ചവരുടെ ഓർമകളുമായി കുറേ പേർ ജീവിക്കുന്നു. ആ ജീവിതം സന്തോഷം നിറഞ്ഞതല്ലെങ്കിലും ദുരിതം നിറഞ്ഞതാണോ എന്ന് അന്വേഷിക്കേണ്ട ഉത്തരവാദിത്വം നമുക്കില്ലേ? സത്യം പറഞ്ഞാൽ ഇത് ചോദിക്കാനുള്ള അർഹത എനിക്കില്ല. കാരണം അറിയാനുള്ള ആഗ്രഹം ഉണ്ടെങ്കിൽ പോലും ഞാൻ മൗനിയാകുന്നു. ആ സമയത്ത് അന്വേഷണം, അറസ്റ്റ് തുടങ്ങിയ പ്രഹസനങ്ങൾക്കൊടുവിൽ ചിലർ പ്രതികളാകുന്നു. കുറച്ച് ദിവസങ്ങൾക്ക് ശേഷം അവർ വീണ്ടും സമൂഹജീവികളാകുന്നു. 'അഭിമാന'ത്തോടെ ജീവിക്കുന്നു. ശുഭം. ഈ സമൂഹമാണ് മാറേണ്ടത്.


പക്ഷേ ഇതെല്ലാം എന്ന്? വികസനത്തിന്റെ എല്ലാ പാതകളും താണ്ടിക്കൊണ്ടിരിക്കുന്ന നമ്മുടെ ഈ സമൂഹത്തിനെ ഇനി എന്ത് പറഞ്ഞാണ് തിരുത്തേണ്ടത്? അക്ഷരങ്ങൾക്ക് വാളിനേക്കാൾ മൂർച്ചയുണ്ടെന്ന് പറയാറു-ണ്ടെങ്കിലും കേവലം കുറച്ച് വാചകങ്ങൾ കൊണ്ട് ഈ സമൂഹത്തെ തിരുത്താൻ അല്ലെങ്കിൽ മനസിലാക്കിപ്പിക്കാൻ കഴിയുമെന്ന വിശ്വാസം എനിക്കില്ല. അനുഭവിച്ചിട്ട് നന്നാവുന്നില്ല പിന്നെയാ വായിച്ചിട്ട് നന്നാവാൻ. പിന്നെ ഇത്രയെല്ലാം പറയാൻ ഞാൻ വലിയ എഴുത്തുകാരിയുമല്ല. അധികാരികൾക്ക് ഇതൊരു ഒറ്റപ്പെട്ട സംഭവമാണ് എന്ന് പറഞ്ഞ് അതിൽ ദുഃഖം പ്രകടിപ്പിച്ചാൽ മതി. എന്നാൽ ഇത്തരം ഒറ്റപ്പെട്ട സംഭവങ്ങൾ ഒരുപാടാവുന്നു എന്ന കാര്യം മറക്കാതിരുന്നാൽ നല്ലത്. ഒരുപാട് പേർ പറഞ്ഞതാണ് എന്നാലും പറയുകയാണ്. ഇത്തരം സംഭവങ്ങൾ ഒഴിവാക്കാൻ സ്വന്തം ചിന്താഗതിയാണ് മാറ്റേണ്ടത്. അത് മാറാത്തിടത്തോളം കാലം ഇനിയുമൊരുപാട് വിധവകൾ അല്ലെങ്കിൽ ഭാര്യ നഷ്ടപ്പെട്ട ഭർത്താക്കന്മാർ ഉണ്ടായിക്കൊണ്ടേ ഇരിക്കും. ഇവ പറഞ്ഞതെല്ലാം ഒരു വ്യക്തി എന്ന നിലയിൽ എന്റെ അഭിപ്രായങ്ങളാണ്. പലർക്കും ഇതിനോട് വിയോജിപ്പുണ്ടായിരിക്കാം. എന്നിരുന്നാലും പ്രത്യാശിക്കാം ചില അനീതികൾ നീതികളാവാൻ.

# ഇഷ്ടമായിരുന്നു


എന്നെ എനിക്കേറെ ഇഷ്ടമായിരുന്നു
കളി ചിരികൾ നിറഞ്ഞ എന്നെ
ശാഠ്യം പിടിച്ചിരുന്ന എന്നെ
കുറുമ്പുകൾ കാണിച്ചിരുന്ന എന്നെ
വഴക്കു കൂടിയിരുന്ന എന്നെ
ഏവരേയും കോമാളിയാക്കിയിരുന്ന എന്നെ
എനിക്കേറെ ഇഷ്ടമായിരുന്നു
ആ ഇഷ്ടത്തിലെപ്പോഴോ കുറവു വന്നു തുടങ്ങി
അതെപ്പോഴൊക്കെയോ ദേഷ്യമായി മാറി
ആരൊക്കെയോ വെറുത്തു തുടങ്ങും മുൻപേ
ഞാൻ എന്നെ വെറുത്തു തുടങ്ങി
കണ്ണീരിൻ ഉപ്പുരസത്തിൽ കുറവു വന്നു തുടങ്ങി
ഒരു നിർവികാരത മാത്രം...
യാന്ത്രികമായി ചിരിക്കാൻ പഠിച്ചു
സ്നേഹിക്കാൻ പഠിച്ചു
പരാതികൾ ഇല്ല പരിഭവങ്ങളില്ല
കുശുമ്പും കുന്നായ്മയുമില്ല
പക്ഷെ---
അതെല്ലാമുള്ള എന്നെയായിരുന്നു എനിക്കേറെ ഇഷ്ടം.

— അപർണ്ണ കെ





AMRUTHA.G




"എത്ര ചിതകൾ
കത്തിത്തീർന്ന വെളിച്ചത്തിലാണ്
നാമിരുന്നു വായിക്കുന്നത്...
ചിന്തിക്കുന്നത്...
തർക്കിക്കുന്നത്....!"

— കൽപ്പറ്റ നാരായണൻ

AVENTURAZ (32nd BATCH)

2016 Admission

KCAET TAVANUR

MAGAZINE 2018